# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4453 04.02.2014 ൽ മറുപടിക്ക്

### സാക്ഷരതാ മിഷന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ. എ. അസീസ് | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>( വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് സാക്ഷരതാ മിഷൻ ഇപ്പോൾ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നത്; | (എ) അടിസ്ഥാന സാക്ഷരതാ പരിപാടി, തുടർ വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി നാല്, ഏഴ്, പത്താം തരം തുല്യതാ പരിപാടികൾ, വരുമാന വർദ്ധക പരിപാടികൾ, ജീവിത ഗുണനിലവാര വർദ്ധക പരിപാടികൾ, വ്യക്തിഗതതാൽപര്യപോഷണ പരിപാടികൾ, സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലെയും തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തിവരുന്ന അതുല്യം രണ്ടാംഘട്ട പദ്ധതി എന്നിവയാണ് സംസ്ഥാനത്ത് സാക്ഷരതാ മിഷൻ ഇപ്പോൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ. |
| (ബി) | നിരക്ഷരരെ സാക്ഷരരാക്കുന്നതിനുള്ള ഗ്രാമതലത്തിലുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; | (ബി) അവശേഷിക്കുന്ന നിരക്ഷരരെ കുടി സാക്ഷരരാക്കുന്നതിനുള്ള അക്ഷര ലക്ഷം പദ്ധതിയുടെ രണ്ടാംഘട്ടം നടപ്പിലാക്കി വരുന്നു. |
| (സി) | സംസ്ഥാനത്തൊട്ടാകെ എത്ര സാക്ഷരതാ പ്രേരക്മാർ/ കോ-ഓർഡിനേറ്റർമാരാണ് നിലവിലുള്ളത്; അവരുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; | (സി) 2639 സാക്ഷരതാ പ്രേരക്മാർ നിലവിലുണ്ട്. നിരക്ഷരരെ കണ്ടെത്തി അവരെ സാക്ഷരരാക്കുന്നതിന് വേണ്ടി പ്രവർത്തിക്കുന്നു. കൂടാതെ 4,7,10 തുല്യതാക്ലാസ്സുകളിലേക്ക് ആളെ കണ്ടെത്തി രജിസ്ട്രേഷൻ നടത്തുകയും പരീക്ഷയെഴുതിക്കുകയും ചെയ്യുന്നു. കേരളത്തിലെ 14 ജില്ലകളിലായി 14 ജില്ലാ കോ-ഓർഡിനേറ്റർമാരും അസി.കോ-ഓർഡിനേറ്റർമാരും പ്രവർത്തിക്കുന്നു. ജില്ലാതല സാക്ഷരതാ പ്രവർത്തന |

ങ്ങളുടെ മേൽനോട്ടം കോ-ഓർഡിനേറ്റർമാർ നിർവഹിക്കുന്നു.

| | | |
|---|---|---|
| (ഡി) | സാക്ഷരതാ പ്രേരക്മാർക്ക്/ കോ-ഓർഡിനേറ്റർമാർക്ക് നൽകുന്ന സാമ്പത്തിക പ്രതിഫലം എത്രയാണെന്ന് വ്യക്തമാക്കുമോ? | സാക്ഷരതാ പ്രേരക്മാർക്ക് ഓണറേറിയം വ്യവസ്ഥയിലാണ് വേതനം നൽകുന്നത്<br>തുടർവിദ്യാകേന്ദ്രം പ്രേരകിന് 2340/- രൂപയും, അസിസ്റ്റന്റ് പ്രേരകിന് 2020/- രൂപയും, വികസന വിദ്യാകേന്ദ്രം പ്രേരകിന് 3040/- രൂപയും, അസി. പ്രേരകിന് 2340/- രൂപയും നൽകി വരുന്നു. കോ-ഓർഡിനേറ്റർക്ക് 14,000/- രൂപയും, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർക്ക് 11,900/- രൂപയും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ